**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1674 05/12/2014-ൽ മറുപടിയ്ക്ക്

# നിറവ് പദ്ധതി

ചോദ്യം
ശ്രീ. കെ.അജിത്

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) നിറവ് പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പദ്ധതികളാണ് ഒരു നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തുകയെന്നും ഈ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതവും, സർക്കാർ വിഹിതവും എത്ര വീതമെന്നും വ്യക്തമാക്കുമോ; | എ) വിത്തു മുതൽ വിപണി വരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി മണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികളാണ് നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഓരോ മണ്ഡലങ്ങളും തയ്യാറാക്കുന്ന പദ്ധതികളുടെ തുകയനുസരിച്ച് ഇതിൽ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകരിക്കുന്ന പദ്ധതികളുടെ തുക അനുസരിച്ചു ആയിരിക്കും തുക അനുവദിക്കുന്നത്. |
| ബി) നിറവ് പദ്ധതികളിൽ ഏതൊക്കെ വകുപ്പുകളിൽപ്പെട്ട ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്താൻ കഴിയുക എന്നും വെളിപ്പെടുത്താമോ; | ബി) കൃഷി, കാലി വളർത്തൽ, കോഴി വളർത്തൽ മത്സ്യകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നീ മേഖലകളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുത്താം. |
| സി) ഇതുവരെ നിറവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതൊക്കെ നിയോജക മണ്ഡലങ്ങളിൽ ആരംഭിച്ചു കഴിഞ്ഞുവെന്നും ആരംഭിച്ച പദ്ധതികൾ ഏതു ഘട്ടം വരെയെത്തി എന്നും വെളിപ്പെടുത്തുമോ; | സി) 2011-12-ൽ നിറവ് പദ്ധതി നടപ്പിലാക്കുവാൻ 12 നിയോജക മണ്ഡലങ്ങൾ തെരഞ്ഞെടുത്തതിൽ 11 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കി. ഇതിനായി ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 737.58 ലക്ഷം രൂപ അനുവദിച്ചു. നെൽകൃഷി വികസനം, തെങ്ങു കൃഷി, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, കാർഷിക യന്ത്രവൽക്കരണം, തൊഴിൽസേന, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ജാതികൃഷി, വെറ്റില കൃഷി, വിത്ത്/തൈകളുടെ വിതരണം എന്നീ പദ്ധതികൾ 2011-12-ൽ അംഗീകരിച്ചു. ചെങ്ങന്നൂർ, തൊടുപുഴ, പാല, നോർത്ത് പറവൂർ, |

കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ, ബാലുശ്ശേരി, പേരാമ്പ്ര, നാദാപുരം, കല്പ്പറ്റ, കൂത്തുപറമ്പ് എന്നീ നിയോജക മണ്ഡലങ്ങളിൽ വിജയകരമായി നടപ്പിലാക്കി.

ഡി) കോട്ടയം ജില്ലയിലെ ഏതൊക്കെ മണ്ഡലങ്ങളിലാണ് നിറവ് പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതി പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയെത്തിയെന്നും വെളിപ്പെടുത്തുമോ?

ഡി) കോട്ടയം ജില്ലയിലെ 2011-12-ൽ തെരഞ്ഞെടുത്ത പാല, 2013-14-ൽ വൈക്കം, പുതുപ്പള്ളി, 2014-15 കടുത്തുരുത്തി, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി എന്നീ നിയോജകമണ്ഡലങ്ങളാണ് നിറവ് പദ്ധതി നടപ്പിലാക്കുവാനായി തെരഞ്ഞെടുത്തത്. ഇതിൽ പാല നിയോജക മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. ബാക്കിയുള്ള നിയോജക മണ്ഡലങ്ങളിൽ മണ്ഡലതല മീറ്റിംഗുകൾ കൂടി പദ്ധതികൾ തയ്യാറാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**